# ലാളിത്യവും സ്നേഹവുമായിരുന്നു പി.ഭാസ്കരന്റെ മുഖമുദ്ര: ഡോ. ജോർജ് ഓണക്കൂർ

തിരുവനന്തപുരം; ലാളിത്യവും സ്നേഹവുമായിരുന്ന പി.ഭാസ്കരന്റെ കലാജീവിതത്തിന്റെ മുഖമുദ്രയെന്ന് എഴുത്തുകാരൻ ഡോ.ജോർജ് ഓണക്കൂർ പറഞ്ഞു.

കേന്ദ്ര സാഹിത്യ അക്കാഡമി തിരുവനന്തപുരം ഗവ.വനിതാ കോളേജിൽ നടത്തിയ പി.ഭാസ്കരൻ ജന്മശതാബ്ദി ദേശീയ സെമിനാറിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം. കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.എം.എം. സത്യൻ അദ്ധ്യക്ഷനായി. കേന്ദ്ര സാഹിത്യ അക്കാഡമി മലയാളം ഉപദേശകസമിതി അംഗങ്ങളായ ഡോ. സാബു കോട്ടുക്കൽ, ഡോ. ടി. കെ. സന്തോഷ് കുമാർ, മലയാളവിഭാഗം മേധാവി ഡോ.വി.ലില്ലി ,ഡോ. ആർ. പി. അമ്പിളി എന്നിവർ സംസാരിച്ചു.

സെമിനാറിന്റെ രണ്ടാം ദിവസം മഞ്ചു വെള്ളായണി, ഇ. ജയകൃഷ്ണൻ, കാരയ്ക്കാമണ്ഡപം വിജയകുമാർ, ടി.പി . ശാസ്തമംഗലം, ഡോ. ബി. രാമചന്ദ്രൻ പിള്ള , സുഭാഷിണി തങ്കച്ചി, അശോകൻ പുതപ്പാടി എന്നിവർ പി. ഭാസ്കരന്റെ ചലച്ചിത്ര-ഗാനലോകത്തെപ്പറ്റി പ്രബന്ധങ്ങൾ അവതരിപ്പിച്ചു.




*കേന്ദ്ര സാഹിത്യ അക്കാദമി ഗവ.വനിതാ കോളേജിൽ നടത്തിയ പി. ഭാസ്കരൻ ജന്മശതാബ്ദി ദേശീയ സെമിനാറിന്റെ സമാപനസമ്മേളനം ഡോ. ജോർജ് ഓണക്കൂർ ഉദ്ഘാടനം ചെയ്യുന്നു*